പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1484 — 13.06.2014 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ എന്നാണ് നിലവിൽ വന്നത്; | (എ) 18.01.2007 ൽ നിലവിൽ വന്ന 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം 19.03.2007 ലെ ജി.ഒ.(പി) നം.92/2007/ആർഡി ഉത്തരവ് പ്രകാരമാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള കമ്മീഷൻ 19.05.2012 ൽ നിലവിൽ വന്നു. |
| (ബി) 14.07.2011 വരെ എത്രപേർക്ക് കടാശ്വാസം നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചിരുന്നു; | (ബി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം സർക്കാർ അനുവദിച്ച കടാശ്വാസത്തുകയിൽ, സഹകരണ സംഘം രജിസ്ട്രാർ മുഖേന പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 24,882 അവാർഡുകളിലായി 33,43,24,789/- രൂപ 14.07.2011 വരെ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) 14.7.2011 മുതൽ 31.5.2014 വരെ എത്രപേർക്ക് കടാശ്വാസം നൽകിയെന്നും ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കാൻ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം 14.07.2011 ന് ശേഷം 31.05.2014 വരെയുള്ള കാലയളവിൽ 29,063 അവാർഡുകളിലായി 57,58,64,016/- രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ